**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3549** **26-10-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിൽ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ 2020-2021 അദ്ധ്യയന വർഷത്തെ ബിരുദ വിദ്യാർത്ഥികളുടെ അവസാന സെമസ്റ്റർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചതെന്നാണെന്ന് അറിയിക്കുമോ; | (എ) | 1. മഹാത്മാഗാന്ധി സർവ്വകലാശാല – 17.08.2021 2. നുവാൽസ് - 30.06.2021 3. കേരള സർവ്വകലാശാല – 10.08.2021 4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല – 24.08.2021 5. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ബി.എ – സംസ്കൃതം സാഹിത്യം, സംസ്കൃതം & ഐ.ടി, സംസ്കൃതം ന്യായം, സംഗീതം, നൃത്തം (മോഹിനിയാട്ടം) 10.08.2021 ബി.എ സംസ്കൃതം വേദാന്തം, സംസ്കൃതം ജനറൽ 12.08.2021 ബി.എ സംസ്കൃതം വ്യാകരണം 03.09.2021 ബി.എ നൃത്തം (ഭരതനാട്യം) 24.09.2021 ബി.എഫ്.എ 27.09.2021 6. കാലിക്കറ്റ് സർവ്വകലാശാല - ബിരുദ വിദ്യാർത്ഥികളുടെ അവസാന സെമസ്റ്റർ പരീക്ഷാ ഫലം 2021 ആഗസ്റ്റ്/സെപ്തംബർ മാസങ്ങളി ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബി.കോം പ്രൊഫഷണൽ/ബികോം ഹോണേഴ്സ് പ്രാഗ്രാമുകളുടെ ഫലങ്ങൾ 31.07.2021 നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 7. കണ്ണൂർ സർവ്വകലാശാല ബികോം - 30.07.2021 നും ബി.എസ്.സി/ ബി.സി.എ–03.08.2021 നും ബി.എ – 05.08.2021 നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 8. എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല – 31.07.2021 |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവയുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയത് വൈകിയതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ സർവ്വകലാശാല കൾ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവയുടെ വിതരണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവ | (സി) | സംസ്ഥാനത്തെ സർവ്വകലാശാല കൾ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, |

| | | | |
|---|---|---|---|
| | ലഭിക്കാത്തത് വിദ്യാർത്ഥികളുടെ ഉപരിപഠനത്തെയും ജോലി സാധ്യതകളെയും ബാധിക്കുന്നതായി (പ്രത്യേകിച്ചും സംസ്ഥാനത്തിന് പുറത്ത്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | | കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവയുടെ വിതരണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | സർവ്വകലാശാലകളിൽ 2019-2020 അദ്ധ്യയന വർഷം അവസാന സെമസ്റ്റർ പരീക്ഷയെഴുതിയ ബിരുദവിദ്യാർത്ഥികളും, 2020-2021 അദ്ധ്യയന വർഷം അവസാന സെമസ്റ്റർ പരീക്ഷയെഴുതിയ ബിരുദ വിദ്യാർത്ഥികളും പഠിച്ച സിലബസ്, ഗ്രേഡിംഗ് സിസ്റ്റം എന്നിവയിൽ വ്യത്യാസം ഉണ്ടായിരുന്നുവോ; അറിയിക്കാമോ; | (ഡി) | കേരള സർവ്വകലാശാലയിൽ 2013 അദ്ധ്യയന വർഷം മുതൽ cbcs പ്രോഗ്രാമുകൾക്ക് Indirect Grading System ആണ് പിന്തുടർന്ന് വരുന്നത്. ബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. മറ്റ സർവ്വകലാശാലകളിൽ വ്യത്യാസം ഒന്നും ഉണ്ടായിട്ടില്ല. |
| (ഇ) | 2020-21 അദ്ധ്യയന വർഷം അവസാന സെമസ്റ്റർ പരീക്ഷയെഴുതിയ ബിരുദ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവ അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടതിന് കാരണം സർവ്വകലാശാലകളിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പരീക്ഷസംബന്ധിയായ സോഫ്റ്റ് വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, അപ്ഡേഷൻ എന്നിവയിലെ പരാജയം ആണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളി ഡേറ്റഡ് ഗ്രേഡ് കാർഡ് എന്നിവയുടെ വിതരണത്തിൽ സോഫ്റ്റ് വെയറുകളുടെ തകരാർ കൊണ്ട് കാലതാമസം ഉണ്ടാകുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | സർവകലാശാലകളിൽ പരീക്ഷസംബന്ധിയായ സോഫ്റ്റ്വെയറുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന സാങ്കേതിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; ഇവരിൽ സ്ഥിരം ജീവനക്കാർ, താത്കാലിക ജീവനക്കാർ എന്നിവർ എത്രയെന്ന് വിശദമാക്കാമോ? | (എഫ്) | 1. മഹാത്മാഗാന്ധി സർവ്വകലാശാല നം തസ്തിക സ്ഥിരം ജീവന ക്കാരുടെ എണ്ണം താൽക്കാലിക ജീവന ക്കാരുടെ എണ്ണം 1 സോഫ്റ്റ് വെയർ ഡെവലപ്പർ - 9 2 സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ - 5 3 കമ്പ്യൂട്ടർ പ്രോഗ്രാമർ ഇൻ ചാർജ്ജ് ഓഫ് സിസ്റ്റം മാനേജർ 1 - 2. കേരള സർവ്വകലാശാല പരീക്ഷാസംബന്ധിയായ സോഫ്റ്റ് വെയറുകൾ കൈകാര്യം ചെയ്യുന്നതു മായി ബന്ധപ്പെട്ട് 2 സ്ഥിരം പ്രോഗ്രാമർമാരും 7 താൽക്കാലിക പ്രോഗ്രാമർമാരും ജോലി ചെയ്യുന്നുണ്ട്. 3. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നം തസ്തിക സ്ഥിരം/ താൽക്കാലികം 1 സിസ്റ്റം മാനേജർ സ്ഥിരം 2 സോഫ്റ്റ് വെയർ ഡവലപ്പർ താൽക്കാലികം (കോൺട്രാക്ട്) 4. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പരീക്ഷാസംബന്ധിയായ സോഫ്റ്റ് വെയറുകൾ കൈകാര്യം ചെയ്യുന്നത് ഐ.ടി വിഭാഗത്തിലാണ്. ടി തസ്തികയും എണ്ണവും ചുവടെ ചേർക്കുന്നു 1. സീനിയർ പ്രോഗ്രാമർ - 1 എണ്ണം 2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - 1 എണ്ണം 3. പ്രോഗ്രാമർ - 2 എണ്ണം 4. സോഫ്റ്റ് വെയർ ഡെവലപ്പർ - 4 എണ്ണം 5. കമ്പ്യൂട്ടർ ട്രെയിനർ - 1 |

| | | | |
|---|---|---|---|
| | | | എണ്ണം എല്ലാവരും കരാറടിസ്ഥാനത്തി ലാണ് ജോലിചെയ്യുന്നത്. 5. കാലിക്കറ്റ് സർവ്വകലാശാല നം തസ്തിക സ്ഥിരം ജീവന ക്കാരുടെ എണ്ണം താൽക്കാലിക ജീവന ക്കാരുടെ എണ്ണം 1 System Administrator - 1 2 System Analyst - 1 3 Programmer 3 14 4 Assistant Programmer 1 - 6. കണ്ണൂർ സർവ്വകലാശാല കമ്പ്യൂട്ടർ പ്രോഗ്രാമർ - 1 (റെഗുലർ), കമ്പ്യൂട്ടർ ഓപ്പറേറ്റർ - 3 (റെഗുലർ), ജൂനിയർ പ്രോഗ്രാമർ - 6 (കോൺട്രാക്റ്റ്) 7. എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷസംബന്ധിയായ സോഫ്റ്റ് വെയറുകൾ കൈകാര്യം ചെയ്യുന്നതു മായി ബന്ധപ്പെട്ട് സ്ഥിരം ജീവനക്കാരും, കരാർ അടിസ്ഥാന ത്തിലുള്ള ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ